## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2503

11.10..2011 ൽ
മറുപടിയ്ക്ക്

### പട്ടയവിതരണത്തിലെ തടസ്സങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ.പുരുഷൻ കടലുണ്ടി

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉള്ളേരി വില്ലേജിൽ ഉൾപ്പെട്ട മേലേടത്ത് കോളനിയിൽ കഴിഞ്ഞ 20 വർഷത്തിലധികമായി സ്ഥിരതാമസക്കാരായിട്ടുള്ള കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | എ) യും ബി) യും | ഭൂ രഹിത കർഷക തൊഴിലാളികൾക്ക് വീടു വെയ്ക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് മുമ്പ് വിതരണം ചെയ്ത് പട്ടയം ലഭിച്ചവരിൽ നിന്നും ഭൂമി കൈമാറി കിട്ടിയവരാണ് ഇപ്പോഴത്തെ കൈവശക്കാർ. ഇവർക്ക് പട്ടയം അനുവദിക്കുന്നതിന് ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിന്നും പുതിയതായി അനുവാദ പത്രിക ലഭിക്കേണ്ടതുണ്ട്. അതിനുശേഷം മുൻ പട്ടയക്കാർക്ക് നൽകിയ പട്ടയം റദ്ദ് ചെയ്ത് മാത്രമേ പുതുതായി പട്ടയം അനുവദിക്കാനാവൂ. |
| ബി) | എങ്കിൽ ഇവർക്ക് പട്ടയം നൽകുന്നതിന് നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ